**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിൽ തൊഴിലും ഐ.ടി. സ്റ്റാർട്ടപ്പുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ ഐ.ടി മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി ഏകദേശം 85,000 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | ഐ.ടി. സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനങ്ങൾക്കായി രൂപീകരിച്ച ഐ.ടി. മിഷന്റെ പ്രവർത്തനം എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ഐ.ടി മേഖല ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ രൂപീകരിച്ചത്.<br><br>സ്റ്റാർട്ടപ്പുകൾക്കാവശ്യമായ അന്തർദ്ദേശീയ നിലവാരമുള്ള അടിസ്ഥാന ഘടകങ്ങൾ ഒരുക്കുന്ന ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതി, കോളേജുകളിൽ ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതുൾപ്പെടെ സ്കൂൾ തലം മുതൽ കോളേജ്, പ്രൊഫഷണലുകൾ പൊതുജനം എന്നിവരിൽ സാങ്കേതികതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ, ഇൻക്യുബേറ്ററുകൾ ആക്സിലറേറ്ററുകൾ, ഫാബ് ലാബുകൾ , സൂപ്പർ ഫാബ് ലാബ്, ഫ്യൂച്ചർ ലാബ് തുടങ്ങിയ വിജ്ഞാന പരിപാടികൾ, നിക്ഷേപ ലഭ്യമാക്കുന്നതിനായി ഫണ്ട് ഓഫ് ഫണ്ട്സ് പദ്ധതി, ലഘുവായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്ന സീഡ് ലോൺ, അന്തർദ്ദേശീയ വിനിമയ പദ്ധതി തുടങ്ങിയ വിവിധ ഘടകങ്ങളുള്ള യുവ സംരംഭകത്വ പദ്ധതി എന്നിവയാണ് ഐ.ടി. സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.<br><br>ഈ പദ്ധതികൾ നടപ്പാക്കുന്നതു വഴി കൂടുതൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാനും |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ ആരംഭിച്ച സംരംഭങ്ങളെ മികച സ്ഥാപനങ്ങളാക്കി വളർത്തിയെടുക്കുവാനു കഴിയും. |

സെക്ഷൻ ഓഫീസർ